ശ്രീ. ജോസഫ് മണ്ടശ്ശേരി: ഡിപ്ലോമാ പാസാകുന്നവർക്ക ജോലി നൽകുന്നതിലേക്ക ഗവണ്മെണ്ടിനു എന്തെങ്കിലും കപ്രാവിഷൻസുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഡിപ്ലോമാ പാസാകുന്നവർക്ക ജോലികൊടുത്തുകൊള്ളാമെന്നോ മറ്റൊ യാതൊരു ഉറപ്പും ഗവണ്മെണ്ടു നൽകുന്നില്ല. എന്നാൽ ഇതിലേക്ക പ്രത്യേകമായി വച്ചിരിക്കുന്ന ഒരു പരീക്ഷയായതുകൊണ്ടു ആ പരീക്ഷ ജയിച്ചുവരുന്നവർ കൂടുതൽ സമർത്ഥന്മാരായിരിക്കുമെന്നുള്ളതിനെ പരിഗണിച്ചു അവക്ക പ്രൊവിഷൻസുണ്ടാകാൻ എളുപ്പമുണ്ട്.

ശ്രീ. കെ. കരുണാകരൻ: കേന്ദ്രഗവണ്മെണ്ടിൽനിന്നും ഇതുപോലെ ഒരു ഡിപ്ലോമാ കോഴ്സോ, കോവാപ്പറേറീവു കോളേജോ നടത്തുന്നുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഇല്ല. ഇതുപോലെ പുനയിൽ മാത്രം നടത്തുന്നുണ്ട്. ബാംബെഗവണ്മെണ്ടു അതു അംഗീകരിച്ചിട്ടുമുണ്ട്.

ശ്രീ. കെ. കരുണാകരൻ: പുനയിലെ കോവാപ്പറേറീവു കോളേജു ഇൻഡ്യാഗവണ്മെണ്ടു അംഗീകരിച്ചിട്ടുണ്ടെന്നറിയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: എനിക്ക അതിനെപ്പറ്റി സൂക്ഷ്മമായി അറിവില്ല.

ശ്രീ. കെ. കരുണാകരൻ: ഇവിടത്തെ കോവാപ്പറേറീവു കോളേജിനെ ഇൻഡ്യാഗവണ്മെണ്ടു അംഗീകരിക്കുവാൻവേണ്ട ശ്രമങ്ങളും ഗവണ്മെണ്ടിൽനിന്നും ചെയ്യുമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അക്കാര്യത്തിൽ ഗവണ്മെണ്ടു ശ്രദ്ധിക്കുന്നതാണ്. ഇതുസംബന്ധിച്ചു വേണ്ട എഴുത്തുകുത്തുകളും ഇൻഡ്യാഗവണ്മെണ്ടുമായി ഈ ഗവണ്മെണ്ടു നടത്തുന്നതാണ്.

TOBACCO LICENCE

*679. [5] **Sri. N. Daniel Jose:** Will the Hon'ble Minister for Excise be pleased to state whether the present auctioning system will be continued next year or if not what system will be adopted ?

Sri. N. Kunjuraman: The matter is under consideration.

തിരുവിതാംകൂർ സിമെൻറ ഫാക്ടറി

*൩൫൦. (൩) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവും എക്സൈസും- വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ സിമെൻറ ഫാക്ടറിയിൽ ഒരാണ്ടിൽ എത്ര ടൺ സിമൻറ ഉണ്ടാക്കുവാൻ സാധിക്കുമെന്നു പറയുമോ;

(ബി) ടി ഫാക്ടറിയിൽ ഉണ്ടാക്കുന്ന സിമെൻറ് തിരുവിതാംകൂർ–കൊച്ചി സ്റ്റേറിലെ ആവശ്യത്തിനു മതിയാകുമോ;

(സി) ഫാക്ടറിയിൽ ഉണ്ടാക്കുന്ന സിമെൻറ് തിരുവിതാംകൂർ-കൊച്ചി സ്റ്റേറിനു വെളിയിൽ അയക്കുന്നുണ്ടോ;

(ഡി) ഫാക്ടറിയിൽ ഉണ്ടാക്കുന്ന സിമെൻറും വെളിയിൽ ഉണ്ടാക്കുന്ന സിമെൻറും തമ്മിൽ ഗുണത്തിനും വിലയ്ക്കും വ്യത്യാസമുണ്ടോ;

(ഇ) ടി സിമെൻറ ഫാക്ടറിയിൽ സിമെൻറ ശരിയായി ഉണ്ടാക്കിത്തുടങ്ങിയതിനു ശേഷം തിരുവിതാംകൂർ-കൊച്ചി സ്റ്റേറിനു വെളിയിൽനിന്നും സിമെൻറ ഇറക്കുമതി ചെയ്യുന്നുണ്ടോ;

(എഫ്) ഫാക്ടറിയിൽ ഉണ്ടാക്കുന്ന സിമെൻറിനും വെളിയിൽ ഉണ്ടാക്കുന്ന സിമെൻറിനും ഒരു ടണ്ണിനു കോസ്റ്റ് ആഫ് പ്രൊഡക്ഷൻ എന്താണെന്നു പറയുവാൻ മയവുണ്ടാകുമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ:

(എ) അൻപതിനായിരം ടൺ സിമൻറ്.

(ബി) മതിയാകും.

(സി) ഉണ്ട്.

(ഡി) ഇവിടെയുണ്ടാക്കുന്ന സിമൻറ് പുറത്തുണ്ടാക്കുന്ന സിമൻറിനെക്കാൾ കൂടുതൽ ഗുണമുള്ളതാണ്. സിമൻറ കൺട്രോൾ ആർഡർ അനുസരിച്ചു വിലനിയന്ത്രണമുള്ളതിനാൽ വിലവ്യത്യാസത്തിൻറെ കാര്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഉണ്ട്.

(എഫ്) കോട്ടയത്തെ ഫാക്ടറിയിൽ ഉണ്ടാക്കുന്ന സിമൻറിന്റെ ഉല്പാദനച്ചെലവു വ്യ ക്രപാ വ്യ അണയാണ്. വെളിയിലുണ്ടാക്കുന്ന സിമൻറിന്റെ ഉല്പാദനച്ചെലവു എന്താണെന്നറിഞ്ഞുകൂടാ.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: സിമൻറിന്റെ കൺട്രോൾവില എന്താണ്?

ശ്രീ. എൻ. കുഞ്ഞുരാമൻ: ടണ്ണിനു 118 രൂപാ.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: വെളിയിൽനിന്നു ഇവിടെ വരുന്ന സിമൻറും, ഇവിടെയുണ്ടാക്കുന്ന സിമൻറും ഒരേവിലയ്ക്കുതന്നെയാണോ വില്ക്കുന്നതു?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതെ.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: ഇവിടത്തെ സിമൻറ കൺട്രോൾവിലയെക്കാൾ വിലകുറച്ചുകൊടുക്കുന്നതിനുള്ള സാദ്ധ്യതയില്ലേ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഇപ്പോൾ കൺട്രോൾ ഓർഡർ നിലവിലിരിക്കുന്നതുകൊണ്ടു വിലകുറച്ചു വില്ക്കുന്നതിനുള്ള സാദ്ധ്യതയില്ല.

ശ്രീ. കെ. ആർ. ഇലങ്കത്തു: ഇവിടത്തെ ആവശ്യത്തിനുമതിയാകാത്തക്കവണ്ണമുള്ള സിമൻറ ഇവിടത്തെ ഫാക്ടറിയിലുണ്ടാക്കുന്നുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: മിക്കവാറും ഇവിടത്തെ ആവശ്യത്തിനു മതിയാകുമെന്നും ചിലപ്പോൾ ആവശ്യത്തിൽക്കൂടുതൽ ഉണ്ടാക്കാൻ കഴിയുമെന്നുമാണു ഗവണ്മെണ്ടു വിചാരിക്കുന്നതു.

സാഹിബ് ബഹദൂർകെ. എ. മഹമ്മദ്: ഇവിടത്തെ ഉല്പാദനച്ചെലവും പുറത്തുള്ള സിമൻറിന്റെ ഉല്പാദനച്ചെലവും തമ്മിൽകണക്കാക്കി നമ്മുടെ ആവശ്യത്തിലേക്കു മതിയാകത്തക്കവണ്ണമുള്ള സിമൻറ ഇവിടെ ഉണ്ടാക്കുവാൻ കഴിയുമെന്നു കാണുന്നനിലയ്ക്കു കൂടെക്കൂടി വിലകുറച്ചു കൺട്രോൾവില എടുത്തുകളയുവാൻ സാദ്ധ്യമല്ലേ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതു ഇൻഡ്യാഗവണ്മെൻറ ചെയ്യേണ്ടതാണ്.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: തിരുവിതാംകൂർ സിമൻറിനെ സംബന്ധിച്ചിടത്തോളമെങ്കിലും കൺട്രോൾ എടുത്തുകളയാനുള്ള നടപടികൾ ഗവണ്മെണ്ടു നടത്തുമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഇവിടത്തെ സിമൻറിനു് ഇപ്പോൾ സംരക്ഷണം ആവശ്യമാണു്. അതുകൊണ്ടു സിമൻറിനു കൺട്രോൾ നിലനിർത്തണമെന്നുള്ള നിർദ്ദേശങ്ങൾ ഈ ഗവണ്മെൻറിൽനിന്നുതന്നെ ഇൻഡ്യാഗവണ്മെണ്ടിലേക്കു സമർപ്പിച്ചിട്ടുണ്ടു്.

ശ്രീ. പാണ്ടവത്തു ശങ്കരപ്പിള്ള: ഇവിടെയുള്ള സിമൻറിന്റെ ട്രാൻസ്പോർട്ടിംഗ് ടെൻഡർവിളിച്ചാണോ കൊടുത്തിരിക്കുന്നതു?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതിനെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ എനിക്കറിയാൻപാടില്ല. ഇതിന്റെ മറ്റു റിക്കാർഡുകളും ഒന്നും എന്റെ കയ്യിലില്ല. ഈ വിഷയം ഡീൽചെയ്യുന്നതു സപ്ലൈഡിപ്പാർട്ടുമെണ്ടിൽ നിന്നാണു്.

Sri. A. Nesamoni: Is there a selling Agent for this company?

Mr. Speaker; These details are to be gathered from the company.

ശ്രീ. എ. പി. ഉദയഭാനു: ഈ 118 രൂപാ എന്ന വില നിശ്ചയിച്ചിരിക്കുന്നതു് മാക്സിമം പ്രൈസാണോ, മിനിമം പ്രൈസാണോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഈ വില നിശ്ചയിച്ചതു് ഇൻഡ്യാഗവണ്മെണ്ടാണു്. മാക്സിമം പ്രൈസാണോ, മിനിമം പ്രൈസാണോ എന്നു നിശ്ചയമില്ല.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: ഇവിടെ ആവശ്യമുള്ള സിമൻറ് ഇവിടെ നിന്നെടുക്കണമെന്നാണോ, അതോ വെളിയിൽനിന്നെടുക്കണമെന്നാണോ ഗവണ്മെൻറുദ്ദേശിക്കുന്നതു?

ശ്രീ. എൻ. കുഞ്ഞുരാമൻ: കഴിയുന്നിടത്തോളം ഇവിടെനിന്നുതന്നെ എടുക്കണമെന്നാണു്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇവിടത്തെ സിമൻറ് വെളിയിലുള്ള സിമൻറിനെക്കാൾ ഗുണക്കൂടുതലുള്ളതാണെന്നു് പറഞ്ഞുവല്ലോ; ഈ അഭിപ്രായം ഗവണ്മെണ്ടിനു് എങ്ങനെയുണ്ടായി?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. കുഞ്ഞുരാമൻ : ഇൻഡ്യാഗവൺമെണ്ടിന്റെ എസ്റ്റ്പെർട്ട അങ്ങനെയാണ് അഭിപ്രായപ്പെട്ടത്.

ഗവൺമെണ്ടുവക ഫാക്ടറികൾ

*ന്യ വ ൧. (൬) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി ഗവൺമെണ്ടുവകയായി എത്ര ഫാക്ടറികൾ ഉണ്ടെന്നും അവയിലെല്ലാംകൂടി എത്ര ജോലിക്കാരുണ്ടെന്നും പറയുവാൻ ദയവുണ്ടാകുമോ ;

(ബി) ഗവൺമെണ്ടിൽനിന്നും ഏതെങ്കിലും കമ്പനി പുതുതായി തുടങ്ങണമെന്നോ, വിലയ്ക്കുവാങ്ങണമെന്നോ വിചാരിക്കുന്നുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ :

(എ) ആകെ നാലു ഫാക്ടറികളുണ്ട്. അതിലെല്ലാംകൂടി ൟ ൟ ൪ ൪ ജോലിക്കാരുണ്ട്.

(ബി) ഇല്ല. പുതിയ കമ്പനികൾ തുടങ്ങാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നില്ല. പുതിയ ഫാക്ടറികൾ തുടങ്ങുന്നതിനുള്ള അനുവാദത്തിനു് അപേക്ഷിച്ചിട്ടുണ്ട്. അതു് ആലോചനയിലിരിക്കുകയാണ്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : ഗവൺമെണ്ടിനു് പ്രത്യേകം എത്ര ഫാക്ടറികളുണ്ട്?

ശ്രീ. എൻ. കുഞ്ഞുരാമൻ : നാലു ഫാക്ടറികളുണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : ഇവ വിലയ്ക്കു വാങ്ങിച്ചതോ, സ്ഥാപിച്ചതോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : വിലയ്ക്കു വാങ്ങിച്ചതുമുണ്ട്, സ്ഥാപിച്ചതുമുണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : ഏതെല്ലാം വിലയ്ക്കു വാങ്ങിച്ചു? ഏതെല്ലാം സ്ഥാപിച്ചു?

ശ്രീ. എൻ. കുഞ്ഞുരാമൻ : അതിനു് നോട്ടീസുവേണം.

എക്സൈസിൽ പിരിഞ്ഞുകിട്ടേണ്ട കുടിശ്ശിക

*ന്യ വ ൨. (൭) ശ്രീ. പി. നാണു : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൧൯൪൯ ഡിസംബർ അവസാനംവരെ എക്സൈസ് വകുപ്പിൽ പിരിഞ്ഞുകിട്ടേണ്ട കുടിശ്ശിക സംഖ്യ എത്ര ;

(ബി) അതിൽ ഏതെങ്കിലും സംഖ്യ പിരിഞ്ഞുകിട്ടാത്തതായി എഴുതിക്കുറച്ചിട്ടുണ്ടോ ;

(സി) എഴുതി കുറയ്ക്കാൻ ഗവൺമെണ്ടു് ആലോചിക്കുന്നുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ :

(എ) ൫ ൦,൯൫,൯൯൯ രൂ. ൨ ണ.

(ബി) ഉണ്ടു്, ൫,൦൨൭,൯൯൯ രൂ. ൭ പൈ.

(സി) ഉണ്ടു്, ൨ ൦,൯൯൨ രൂ. ൧ ൦ ണ. ൨ പൈസ.

ശ്രീ. പി. നാണു : ബാക്കിയുള്ള തുക കിട്ടുകയില്ലെന്നാണോ ഗവൺമെണ്ടു് വിചാരിക്കുന്നതു്?

ശ്രീ. എൻ. കുഞ്ഞുരാമൻ : അതെ.

ശ്രീ. പി. നാണു : ഇത്രയും തുക എഴുതി കുറയ്ക്കുവാനുള്ള കാരണമെന്താണു്?

ശ്രീ. എൻ. കുഞ്ഞുരാമൻ : യാതൊരുവിധത്തിലും ഈടാക്കാൻ നിവൃത്തിയില്ലെന്നു് കണ്ടതുകൊണ്ടു്.

ശ്രീ. പി. നാണു : ഇങ്ങനെ തുക ഈടാക്കാൻ നിവൃത്തിയില്ലാത്തവിധം ഇടപാടുകൾ നടത്തിയതിന്റെ ഉത്തരവാദികൾ ആരാണു്?

LIBRARY ARCHIVES Kerala Legislative Assembly